# പതിന്നാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1490 — 03/12/2018 ൽ മറുപടിക്ക്

## ഡെപ്യൂട്ടി ഡയറക്ടറായി തരംതാഴ്ത്തപ്പെട്ട അഡീഷണൽ ഡയറക്ടർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.മുരളീധരൻ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ അഡീഷണൽ ഡയറക്ടറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകിയ നടപടി നിയമവിരുദ്ധമായിക്കണ്ട് ഡെപ്യൂട്ടി ഡയറക്ടറായി തരംതാഴ്ത്തി 2015-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. 20/11/2012 ലെ സ.ഉ.(സാധാ)നം.6575/12/റവ പ്രകാരം ശ്രീമതി.ഇ.ആർ.ശോഭനയ്ക്ക് KS&SSR ചട്ടം 9a(1) പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിന്നും ജോയിന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകാതെ അഡീഷണൽ ഡയറക്ടർ തസ്തികയിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് ക്രമവിരുദ്ധമായതിനാൽ 04/04/2015 ലെ സ.ഉ(സാധ) നം.1816/15/റവ ഉത്തരവ് പ്രകാരം സർവ്വെയും ഭൂരേഖയും വകുപ്പിലെ അഡീഷണൽ ഡയറക്ടറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിരുന്ന ശ്രീമതി.ഇ.ആർ.ശോഭനയെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് തരം താഴ്ത്തി ഉത്തരവായിരുന്നു. |
| (ബി) ഡെപ്യൂട്ടി ഡയറക്ടറായി തരംതാഴ്ത്തപ്പെട്ടയാൾ അഡീഷണൽ ഡയറക്ടറുടെ പദവിയിൽ തുടരുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യം വ്യക്തമാക്കാമോ;<br>(സി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് എന്തെങ്കിലും നിയമതടസ്സം നിലനിൽക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് അറിയിക്കാമോ? | (ബി) യും (സി) യും | ഉണ്ട്. നിലവിൽ ശ്രീമതി.ഇ.ആർ.ശോഭന അഡീഷണൽ ഡയറക്ടർ തസ്തികയിൽ തുടരുകയാണ്. 04/04/2015 ലെ സ.ഉ(സാധ) നം.1816/15/റവ ഉത്തരവ് പ്രകാരം സർവ്വെയും ഭൂരേഖയും വകുപ്പിലെ അഡീഷണൽ ഡയറക്ടറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിരുന്ന ശ്രീമതി.ഇ.ആർ.ശോഭനയെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് തരം താഴ്ത്തി ഉത്തരവായിരുന്നുവെങ്കിലും സർവ്വെയും ഭൂരേഖയും വകുപ്പിലെ സീനിയോറിറ്റി സംബന്ധിച്ച് ശ്രീമതി.ഇ.ആർ.ശോഭന ബഹു. കേരള ഹൈക്കോടതിയിലും ബഹു.കേരള |

അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും ഫയൽ ചെയ്ത OA 2117/16, OP(KAT) 139/18 എന്നീ കേസുകളിൽ തീർപ്പ് കല്പിക്കപ്പെടാതിരുന്നതു കൊണ്ടാണ് ടിയാൾ പ്രസ്തുത തസ്തികയിൽ തുടർന്നത്. ടി കേസുകളിലെ വിധി ന്യായം യഥാക്രമം 20/03/2018, 08/06/2018 എന്നീ തീയതികളിൽ പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിധിപകർപ്പുകൾ 01/10/2018 ൽ സർക്കാരിൽ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ സർവ്വെ ഡയറക്ടറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുകയും ആയതിന്മേൽ തുടർ പരിശോധനകൾ നടത്തിവരികയുമാണ്.

സെക്ഷൻ ഓഫീസർ